# AKPCTA Bulletin

4

November 1977

Forward ☐ Homage ☐ Conditions for introduction o
U. G. C. Scales ☐ Pay fixation formula ☐ A Note o
Welfare Trust ☐ A Note on Pension Scheme ☐ Govern
ment/University Orders.

MONTHLY JOURNAL OF THE ALL-KERALA PRIVATE COLLEGE TEACHERS' ASSOCIATION

# AKPCTA BULLETIN

*(For private circulation only)*

*Chief Editor*

P. NARENDRAN

*Editorial Board*

PROF: R. R. C. NAIR
P. RAVINDRANATH
GEORGE ONAKKUR
PROF: T. P. MOHAMAD KUNHI
T. M. JOSEPH
PROF: T. GOPALAKRISHNAN
*(Managing Editor)*

## *Read and Subscribe*

SUBSCRIPTION RATES

ANNUAL (For 10 issues) Rs. 5/-

# കുറിപ്പുകൾ

## നവംബർ 26 പ്രകടനം വിജയിപ്പിക്കുക.

ഭാരതത്തിലൊട്ടാകെയുള്ള സർവ്വകലാശാലകളിലേയും, കോളജുകളിലേയും അദ്ധ്യാപകർക്ക് ക്ലാസ്സ് I ഉദ്യോഗസ്ഥന്മാർക്ക് തുല്യമായ ഒരു ശമ്പളനിരക്ക് യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ നിർദ്ദേശിച്ചതും, കേന്ദ്രഗവണ്മെൻറ് അംഗീകരിച്ചതും, മികച്ച പ്രതിഭകളെ വിദ്യാഭ്യാസ മേഖലയിലേക്ക് ആകർഷിക്കുന്നതിലേക്കാണ്. സംസ്ഥാന ഗവണ്മെൻറുകൾ ഇത് നടപ്പാക്കിയപ്പോൾ അദ്ധ്യാപകർക്ക് മെച്ചപ്പെട്ട ഒരു വേതനം നൽകുകമാത്രമായിരുന്നില്ല ചെയ്തത്. അതിലുമുപരി ഇത്തരം ഒരു ശമ്പളസ്കെയിൽ നിർദ്ദേശിക്കാൻ സെൻ കമ്മറ്റിയേയും, ഗ്രാൻറ്സ് കമ്മീഷനേയും പ്രേരിപ്പിച്ച മൗലിക തത്വങ്ങളെ അംഗീകരിക്കുകകൂടിയായിരുന്നു.

തികച്ചും നിർഭാഗ്യകരമെന്നുതന്നെ പറയട്ടെ, കേരളസർക്കാർ ഇക്കാര്യത്തിൽ ഒരു കുഴിയാനനയമാണ് സ്വീകരിച്ചിരിക്കുന്നത്. യു. ജി. സി. സ്കെയിലുകൾ നടപ്പാക്കുന്നതിനാവശ്യമായ അധികച്ചെലവിൻെറ 80% കേന്ദ്രഗവണ്മെൻറ് വഹിക്കുമെന്നിരിക്കെ, കേന്ദ്രത്തിൽനിന്നും കിട്ടുന്ന സഹായം പോലും പരിമിതമാണെന്നു പരാതിപ്പെടുന്ന കേരള ഗവണ്മെൻറ്, ഈ ആനുകൂല്യം ഉപയോഗപ്പെടുത്താത്തത് വിചിത്രമാണെന്നുമാത്രമേ പറഞ്ഞുകൂടൂ. സ്കെയിലുകൾ നടപ്പാക്കുന്നതുമൂലം ലഘുവായ ഒരു സാമ്പത്തിക ബാദ്ധ്യതമാത്രമാണ് സർക്കാരിനുണ്ടാകുന്നത്. അതേസമയം സംസ്ഥാന ശമ്പളക്കമ്മീഷൻെറ പരിധിയിൽ സർവ്വകലാശാല/കോളജ് അദ്ധ്യാപകരെക്കൂടി ഉൾപ്പെടുത്തുകമൂലം (അവരുടെ ശക്തിയായ പ്രതിഷേധങ്ങൾക്കുശേഷവും) വളരെയേറെ ഭാരിച്ച ഒരു സാമ്പത്തികബാദ്ധ്യതയാണ് സർക്കാർ ഏറ്റെടുത്തിരിക്കുന്നത്. കേരള ഗവണ്മെൻറിൻെറ അദ്ധ്യാപകാവകാശ നിഷേധ വ്യഗ്രതയെയാണ് ഇത് സൂചിപ്പിക്കുന്നത്.

കേരളത്തിൽ ഉന്നതവിദ്യാഭ്യാസരംഗത്തുള്ള മുഴുവൻ അദ്ധ്യാപകരും ചിരകാലമായി താലോലിച്ച് വളർത്തിവന്ന ഒരു അഭിലാഷമാണ് യു. ജി. സി. സ്കെയിൽ. ഇത് നേടിയെടുക്കുന്നതിനുവേണ്ടി എന്തുത്യാഗം സഹിക്കാനും അവർ ഇന്ന് തയ്യാറാണ്. യു. ജി. സി. സ്കെയിലിൽ കുറഞ്ഞ ഒന്നുകൊണ്ടും അവർ സംതൃപ്തരാകുകയുമില്ല. കേരള ഗവണ്മെൻറ് അവസരോചിതമായി ഉയർന്ന്, ദൂരവ്യാപകഫലങ്ങളുളവാക്കാവുന്ന, ഉന്നത വിദ്യാഭ്യാസരംഗത്ത് ഇന്നു നിലനില്ക്കുന്ന പ്രതിസന്ധിക്ക് ഒരു പരിഹാരം കണ്ടെത്തണമെന്നാണ് ഞങ്ങൾക്കഭ്യർത്ഥിക്കാനുള്ളത്.

സർക്കാരിൻെറ ദുർവ്വാശിക്ക് അയവുവരുത്തുവാൻ സംഘടിത അദ്ധ്യാപകപ്രസ്ഥാനത്തിനുമാത്രമേ കഴിയൂ. അദ്ധ്യാപകരുടെ അജയ്യശക്തിയും നിശ്ചയദാർഢ്യവും തെളിയിക്കാനുതകുന്ന തരത്തിലുള്ള ഒന്നായിരിക്കണം നവമ്പർ 26 പ്രകടനം: ഇത് വിജയിപ്പിക്കേണ്ടത് ഓരോ അദ്ധ്യാപകൻേറയും കടമയാണ്.

# ആദരാഞ്ജലികൾ

**മുണ്ടശ്ശേരിമാസ്റ്റർ കഥാവശേഷനായിരിക്കുന്നു.**

അരശതാബ്ദക്കാലമായി കേരളത്തിൻെറ സാംസ്കാരികമണ്ഡലത്തിൽ പ്രഭാപൂരം പരത്തി കത്തിജ്വലിച്ചുനിന്ന മഹാജ്യോതിസ്സ് പൊലിഞ്ഞുപോയിരിക്കുന്നു.

താരതമ്യേന ദരിദ്രമായൊരു കത്തോലിക്കാ കുടുംബത്തിൽ ജനിച്ച് സ്വന്തം പരിശ്രമമൊന്നുകൊണ്ടുമാത്രം പഠിച്ചുയർന്ന് തൃശ്ശൂർ സെൻറ് തോമസ് കോളജിലൊരദ്ധ്യാപകനായിട്ടാണ് മാസ്റ്റർ തന്റെ ഔദ്യോഗികജീവിതമാരംഭിച്ചത്. കലാലയത്തിലെ മലയാള വിഭാഗത്തിലായിരുന്നു ആദ്യമദ്ദേഹം നിയമിതനായത്. കൈരളിയുടെ ഭാഗ്യം കൊണ്ടെന്നുതന്നെ പറയാം, വളരെ നാൾ അദ്ദേഹമവിടെ തങ്ങിനിന്നില്ല. അന്നത്തെ ക്രൈസ്തവർക്കൊക്കെ വിശേഷിച്ചും നിഷിദ്ധമെന്നു വച്ചിരുന്ന സംസ്കൃതം ഏതാണ്ടൊരു ഗുരുകുലരീതിയിൽത്തന്നെ പഠിച്ചെടുത്ത് സംസ്കൃതത്തിലും മലയാളത്തിലും എം. എ. ബിരുദം നേടി അദ്ദേഹം അവിടത്തെ മലയാള വിഭാഗത്തിന്റെ അദ്ധ്യക്ഷനായി. ആ നിലയിലാണ് മലയാളസാഹിത്യം അദ്ദേഹത്തിന്റെ അവഗാഢമായ പഠനത്തിനു വിഷയമായത്. ഫലമോ? സാഹിത്യരംഗത്തന്നേവരെ കുത്തകാവകാശം നിലനിർത്തിവന്നിരുന്ന സങ്കുചിതങ്ങളായ യാഥാസ്ഥിതിക, നിക്ഷിപ്ത താല്പര്യങ്ങൾക്കും അവ ഉയർത്തിപ്പിടിച്ചിരുന്ന ഫോർമലിസ്റ്റ് സാഹിത്യ ധാരണകൾക്കുമെതിരെ ഒരു കൊടുങ്കാററുപോലെ അദ്ദേഹം ആഞ്ഞടിച്ചു. മാനംമുട്ടെ വളർന്ന് കാടു കെട്ടിനിന്നിരുന്ന പാഴ്മരങ്ങൾ കടപുഴങ്ങിവീണു. പൗരസ്ത്യവും പാശ്ചാത്യവുമായ സാഹിത്യസിദ്ധാന്തങ്ങളെ സമഞ്ജസമായി സമന്വയിപ്പിച്ചുകൊണ്ട് അദ്ദേഹമുൽഘാടനം ചെയ്ത നിരൂപണസരണി മലയാളസാഹിത്യത്തിനു നൂതനമായൊരു ലക്ഷ്യബോധം പ്രദാനംചെയ്തു. സാഹിത്യം ജീവിതഗന്ധിയാവണമെന്നും, സാമൂഹ്യ പുരോഗതിക്കു പ്രചോദകമാവണമെന്നും പരക്കെ അംഗീകരിക്കപ്പെട്ടു. മുണ്ടശ്ശേരിമാസ്റ്ററുടെ നേതൃത്വത്തിൽ നടന്ന വിപ്ലവാത്മകമായ ഈ പരിവർത്തനം കേരളത്തിലെ പുരോഗമന പ്രസ്ഥാനങ്ങളെ ഒട്ടൊന്നുമല്ല ആവേശം കൊള്ളിച്ചത്. ചുരുക്കത്തിൽ സാംസ്കാരികരംഗത്ത് ഒരു കാലഘട്ടത്തിന്റെ തന്നെ പ്രോദ്ഘാടകനും നേതാവും നിയന്താവുമായിരുന്നു ആ മഹാപ്രതിഭൻ.

ഇന്നാട്ടിലെ വിദ്യാഭ്യാസരംഗത്ത് മാസ്റ്റർ നിർവ്വഹിച്ചിട്ടുള്ള സേവനങ്ങൾ ചിരസ്മരണീയങ്ങളാണ്. അതിപ്രശസ്തനായൊരദ്ധ്യാപകൻ മാത്രമായിരുന്നില്ലദ്ദേഹം. പാവനമായ വിദ്യാഭ്യാസരംഗം കയ്യടക്കിവച്ചിരുന്ന കുത്തകവർഗ്ഗത്തിന്റെ ബദ്ധശത്രുവും, അവരുടെ ചൂഷണത്തിനിരയായി കഴിച്ചിരുന്ന അദ്ധ്യാപകലക്ഷങ്ങളുടെ സമുദ്ധാരകനും കൂടിയായിരുന്ന പ്രൊഫസർ മുണ്ടശ്ശേരി. ഒരു സ്വകാര്യ കലാലയത്തിൽ സുദീർഘകാലം ആത്മാർത്ഥസേവനം നടത്തി ജീവിതമാകെ താങ്ങാനാവാതെ അകാലത്തിലന്തരിച്ചുപോയ പ്രൊഫസർ ജോസിന്റെ കരളലിയിക്കുന്ന കഥയിലൂടെ അദ്ദേഹമദ്ധ്യാപകപ്രശ്നമവതരിപ്പിച്ചു. ആദ്യത്തെ കേരള മന്ത്രിസഭയിലംഗമായിരുന്നുകൊണ്ട് ആ മന്ത്രിസഭയുടെ ആയുസ്സിനെ അപകടപ്പെടുത്തിക്കൊണ്ടുപോലും അദ്ധ്യാപകർക്ക് നിയമാധിഷ്ഠിത പരിരക്ഷണം നൽകുന്ന വിദ്യാഭ്യാസബില്ലദ്ദേഹം പാസ്സാക്കിയെടുത്തു. വിരളിപിടിച്ച വിദ്യാഭ്യാസക്കുത്തകക്കാർ സുപ്രീംകോടതിവരെ കെട്ടിക്കയററിയിട്ടും കാതലായ അംശങ്ങൾ നഷ്ടപ്പെടാതെ ആ ബിൽ നിയമമായി, അദ്ധ്യാപകവർഗ്ഗത്തിന്റെ "മഗ്നാകാർട്ടാ"യായി നിലനില്ക്കുന്നു. വിമനസ്സരായ മന്ത്രിസഭയെക്കൊണ്ട് അഞ്ചുലക്ഷം രൂപാ മാററിവയ്പിച്ച് സ്വകാര്യ കലാലയാദ്ധ്യാപകരുടെ ശമ്പളപരിഷ്കരണത്തിന് തുടക്കമിട്ടതും മററാരുമല്ല....

കേരള സർവ്വകലാശാലാനിയമവും, തൊഴിൽപരമായ ഉന്നതവിദ്യാഭ്യാസത്തിനും, ഗവേഷണത്തിനും, പരിശീലനത്തിനും പ്രാമുഖ്യം നൽകാനുദ്ദിഷ്ടമായ കൊച്ചി സർവ്വകലാശാലയും മാസ്റ്ററുടെ വിദ്യാഭ്യാസരംഗത്തെ ദീർഘവീക്ഷണത്തിന്റെ പ്രതീകങ്ങളാണ്.

അപ്രതിമനായ പ്രഭാഷകനും, അനനുകരണീയനായ ശൈലീവല്ലഭനുമായിരുന്ന മുണ്ടശ്ശേരി മാസ്റ്റർ.


അതികായനെന്നും, യുഗപ്രഭാവനെന്നും മററുമുള്ള പദങ്ങൾ സർവ്വഥാ സാർത്ഥകങ്ങളാവുന്നത് ബഹുമുഖപ്രതിഭനായ പ്രൊഫസർ മുണ്ടശ്ശേരിയുടെ കാര്യത്തിലാണ്.

മഹാനായ ആ അദ്ധ്യാപകന്റെ, സംസ്കാരനായകന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ഞങ്ങളുടെ കണ്ണീരിൽ കുതിർന്ന ആദരാഞ്ജലി....


---



അഴിമതിക്കും അനീതിക്കും എതിരെ — തൃശ്ശൂർ കൺവൻഷൻ മുദ്രാവാക്യങ്ങൾ സാക്ഷാത്കരിക്കാൻ — മുന്നോട്ട്. (ഒക്ടോബർ 3-ന് ചങ്ങനാശ്ശേരി N. S. S. ഹെഡാഫീസിന് മുൻപിൽ ധർണ്ണ അനുഷ്ഠിക്കാനെത്തിയ അദ്ധ്യാപകർ.



പൊരിവെയിലത്ത്, പൊള്ളുന്ന ടാർ റോഡിൽ നിരയായ് [illegible] [illegible] സത്യ[illegible] [illegible]ച്ച സമ[illegible]ർ.



ധർമ്മസമരത്തെ "നേരിടാൻ" N. S. S. മാനേജ്മെന്റ് ഒരുക്കി ഇറക്കിയ കൂലിപ്പട



# MINISTRY OF EDUCATION AND SOCIAL WELFARE

## Subject:- Revision of Salary Scales of University and College Teachers.

### APPENDIX II.

Conditions for the introduction of the Revised Pay Scales.

1) The Scheme of revised Pay Scales shall cover teachers in Universities and colleges (including government colleges) admitted to their privilages, except those of Medical, Agricultural and Veterinary Science Colleges. In the case of Engineering Colleges a seperate circular will fallow.

II) The revised pay scales are inclusive of Dearness Allowance, Dearness pay and Initerim Relief that were admissible to the teachers according to the approved rates as on December 31-1972. No central assistance will be available for the allowances sanctioned/that may be sanctioned, on and after January 1-1973.

III) Central assistance will be provided in respect of only those posts which were in existence on January 1-1973. All Posts created after that date will have to be provided in the revised pay scales, but these will not be eligible for central assistance.

IV) Recruitment to all Categories of Teachers-Lecturers, Readers and Professors in Universities shall be made strictly on merit and on the basis of all-India advertisement and selection. The qualifications prescribed for the posts should essentially be related to the academic attainments in the subject concerned and should not be linked with language or other regional considerations Appointments should not be made on communal or caste considerations. The Selection Committees should have outside experts and their constitution should be prescribed by the statutes of the concerned University.

V) For futre recruitment to the posts of Lecturers in Universities as well as in colleges, the minimum qualifications shall be as may be determined by the University Grants Commission from time to time.

VI) The existing Lecturers in colleges who did not possess at the time of their initial recruitment minimum qualifications as prescribed by the University concerned should be required to attain these qualifications within five years from the date of placement in the revised scale. If they are unable to do so during this period, they shall not be allowed any futre increment till they have satisfied this condition.

VII) All appointments of teachers in colleges shall be made on merit and on the basis of all-India advertisement. The constitution of a selection committee for recruitment to the posts of lecturers in a college should be as fallows:-

(a) Chairman, Governing Body of the College or his nominee;

(b) A nominee of the Vice-Chancellor.

(c) Two experts to be nominated by the chairman out of the panel of experts approved by the University.

(d) Principal of the College; and

(e) Head of the Department concerned of the college.

No selection shall be considered valid unless atleast one expert is present. The recommendations of the selection committee shall be subject to the approval of the Vice-Chancellor.

VIII) All appointments of Principals of colleges shall be made by a selection committee composed of the fallowing:-

(a) Chairman, Governing Body of the College;

(b) One member of the Governing Body;

(c) Two nominees of the Vice-Chancellor;

(d) One person to be appointed by the Chairman of the Governing body out of a panel of 10 persons prepared by the Director of Higher Education / Education of the State Government.

The recommendations of the selection committee shall be subject to the approval of the Vice-Chancellor.

IX) The period of probation of a teacher shall in no case be more than 24 months. The Executive Council/Governing Body may, for reasons to be recorded waive the condition of probation. The Executive Council/Governing Body shall have the right to assess the suitability of a teacher for confirmation even before the expiry of the period 24 months from the date of his appointment, but not earlier than months from that date. A suitable provision may be made in the ordinance Statutes prescribing a schedule placing cases regarding confirmation before the appropriate authorities well time before the expiry of the probation period.

X) The age of super annuation teachers as well as for principals shall sixty years and thereafter no further extension in service shall be given. teacher who has already been given extension on attaining the age of years on January 1-1973 or thereafter shall continue to be in the old scale pay during the period of extension and shall not be permitted to opt for revised scale.

XI) No teacher/Principal shall paid any remuneration for examination work including invigilation work, within the University/institution.

XII) The work-load of teachers submission of plan of work, etc shall as may be determined by the University Grants Commission from time to time.

XIII) The existing Post-graduate teachers in the colleges, who are designated as Senior lecturers/Readers, in the scale of Rs. 700-1100 shall be placed the revised scale of Rs. 700-1600 Seperate orders will issue with regard fixation of salary of these teachers.

XIV) The assessment at Rs. 1300 in the scale of Rs. 700-40-1100-50-1300 Assessment—50—1600 Prescribed fo

College lecturers, shall be done by a committee to be appointed by the University.

XV) The concerned University/State Government may decide as to which of the two scales of pay, viz, 1200—1900 and 1500—2500 for principals should be given to a particular college, keeping in view the nature and magnitude of the work and problems in the college.

XVI) The revised scale of Rs. 500—900 is for the existing Demonstrators/Tutors only. In futre, Demonstrators/Tutors shall not be appointed in Universities and Colleges.

XVII) The fixation of pay in the revised scales of pay shall be according to the formula recommended by the third central pay commission and accepted by the Government of India with modifications for class I officer, if any (Appendix iii) where the pay fixation formula cannot cover cases without giving rise to some anomalies such cases could be referred to the Government of India for consideration.

XVIII) The additional expenditure involved in implementing the scheme shall be treated as a non-plan item of expenditure.

XIX) Each University shall draw up a code of conduct for its teachers keeping in view the recommendations made by the sen committee in this regard.

---

## EXTRACTS FROM FORMULA FOR FIXATION OF PAY IN THE REVISED SCALES

The initial pay in the revised scales shall be fixed in the following manner:

I. (A) In the case of a teacher drawing basic pay upto and including Rs. 800 in the existing scale.

a) an amount representing five per cent of the basic pay, subject to a minimum of Rs. 15 and a maximum of Rs. 50 shall be added to the existing emoluments of the teacher.

Explanation I: Existing emoluments means Basic pay plus Dearness Pay plus Dearness Allowance plus Interim relief, if any, sanctioned during 1—3—1970 and 1—1—1973 and not any other allowance.

Explanation II: If the amount so computed includes a part of a rupee, then, if such part is fifty paise or more, it shall be increased to one complete rupee and if such part is less than fifty paise, it shall be ignored.

** The conditions for the introduction of the U. G. C. Scales are negotiable and as such the State Govts. can negotiate with the Central Govt. At the time of the discussion held on 8-4-1975 by the State Govt. with the representatives of the teachers' organisations, the AKPCTA pointed out this fact and the Govt. endorsed the same.*

b) after the existing emoluments have been increased and computed as specified in clause (a), the pay shall be fixed in the revised scale at the stage equal to the amount so computed or, if there is no such stage in the revised scale, at the stage next above the amount so computed.

Provided that.

i) if the amount as computed under clause (a) is less than the minimum of the revised scale, the pay shall be fixed at the minimum of that scale;

ii) if the amount as computed under clause (a) is more than the maximum of the revised scale, the pay shall be fixed at the maximum of that scale:

Provided further that, except cases where the pay is fixed at minimum of the revised scale, if revised emoluments as determined under this sub-rule, exceed the existing emoluments by more than Rs. 100, the initial pay shall be fixed at the highest stage the revised scale at which the revised emoluments payable do not exceed existing emoluments by Rs. 100 and difference, if any, between the existing emoluments plus Rs. 100 and the revised emoluments so payable shall be allowed as personal pay to be absorbed in future increases in pay.

Explanation: Revised emoluments means the Basic Pay of the teacher in the revised scale.

## യു. ജി. സി. ചെയർമാന് എ. കെ. പി. സി. റ്റി. എ. നിവേദനം നൽകി.

എ. കെ. പി. സി. റ്റി. എ. യുടെ ആഭിമുഖ്യത്തിൽ നടത്തുവാൻ ഉദ്ദേശിച്ചിരിക്കുന്ന, മോഡൽ സിലബസ് തയ്യാറാക്കുന്നതിനുള്ള "അദ്ധ്യാപക"രുടെ വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ ധനസഹായം യു. ജി. സി. നൽകണമെന്ന് എ. കെ. പി. സി. റ്റി. എ. യുടെ ഒരു നിവേദകസംഘം യു. ജി. സി. ചെയർമാൻ ഡോ: സതീഷ് ചന്ദ്രയെ കണ്ട് അഭ്യർത്ഥിച്ചു. തുടക്കത്തിൽ പതിനഞ്ചു വിഷയങ്ങൾക്ക് സിലബസ് തയ്യാറാക്കുകയാണ് ഉദ്ദേശമെന്നും ഒരു കോളേജ് അദ്ധ്യാപക സംഘടന ആദ്യമായാണ് ഇങ്ങനെയുള്ള ശ്രമകരമായ ഒരു സംരംഭത്തിൽ ഏർപ്പെടുന്നതെന്നും നിവേദകസംഘം അദ്ദേഹത്തെ അറിയിച്ചു. എൺപതിനായിരത്തോളം രൂപ ചെലവുവരുന്ന ഒരു പദ്ധതിയാണിതെന്നും ഇതിന്റെ നടത്തിപ്പിനായി യൂണിവേഴ്സിറ്റികളിൽനിന്നും ഇതിനകം ലഭിച്ച സഹായം അപര്യാപ്തമായതിനാൽ ഇത് പ്രാവർത്തികമാക്കുന്നതിന് കാര്യമായ സഹായം യു. ജി. സി. യിൽനിന്നും ലഭിച്ചേ മതിയാവൂ എന്ന് അദ്ധ്യാപകർ അദ്ദേഹത്തെ അറിയിച്ചു. തികച്ചും ... ഗതാർഹമായ ഒരു സംരംഭത്തിലാണ് എ. കെ. പി. സി. റ്റി. എ. ഏർപ്പെട്ടിരിക്കുന്നതെന്ന് ...ഹം അഭിപ്രായപ്പെട്ടു. അദ്ദേഹം ഇതിൽ ...യി സന്തോഷിക്കുന്നെന്നും പദ്ധതി നടപ്പിലാക്ക...തിനാവശ്യമായ എല്ലാവിധ സഹായങ്ങളും നൽ...മെന്ന് അദ്ദേഹം ഉറപ്പുനൽകി.

യു. ജി. സി. സ്കെയിലുകൾ നടപ്പാക്ക...നെക്കുറിച്ച് സംസ്ഥാന വിദ്യാഭ്യാസമന്ത്രിയു... അദ്ദേഹം ഇതിനകം ചർച്ചനടത്തിയെന്നും ...യിലുകൾ നടപ്പാക്കുന്നകാര്യം സംസ്ഥാന സ... സജീവമായി പരിഗണിച്ചുകൊണ്ടിരിക്കുക...ന്നും അനുകൂലമായ ഒരു തീരുമാനം ഉടൻ ഉ...മെന്നും മന്ത്രി അദ്ദേഹത്തെ അറിയിച്ചതായി... പകരുടെ ഒരു ചോദ്യത്തിനുത്തരമായി യു. ... സി. ചെയർമാൻ പറഞ്ഞു. പ്രൊ: ആർ. ...ന്ദ്രൻ നായരുടെ നേതൃത്വത്തിൽ ഉള്ളതായി... നിവേദകസംഘം.

# വെൽഫെയർ ട്രസ്റ്റ്—II (തുടർച്ച)

പി. നരേന്ദ്രൻ

ഒരു വർഷം ഒരൊററ ഗുണഭോക്താവ് മാത്രമാണ് സഹായധനത്തിനർഹനാകുന്നതെങ്കിൽ, ഇന്നത്തെ നിലക്ക്, ട്രസ്റ്റിന് കൊടുക്കാൻ കഴിയുന്ന പരമാവധി സഹായധനം ഇരുപത്തി അയ്യായിരത്തി എണ്ണൂറ ഉറുപ്പികയാണ്. ഒന്നിൽക്കൂടുതൽ അംഗങ്ങളോ/കുടുംബങ്ങളോ ഒരേ വർഷം തന്നെ സഹായധനത്തിനർഹരായി എന്നുവരാം. ആ സാഹചര്യത്തിൽ അർഹരാകുന്ന എല്ലാ ഗുണഭോക്താക്കൾക്കും പരമാവധി സഹായധനം നൽകാൻ ട്രസ്റ്റിന് കഴിയുകയില്ല. പ്രത്യേകിച്ചും ആദ്യവർഷങ്ങളിൽ.

പരമാവധി സഹായധനം നിശ്ചയിക്കുന്നത് അധ്യാപക താത്പര്യസംരക്ഷണത്തിന് അനുയോജ്യമല്ല. ഇരുപത്തി അയ്യായിരത്തിൽ കവിയാത്ത തുക എന്നുപറഞ്ഞാൽ ഒരു ഉറുപ്പികമുതൽ ഏതു സംഖ്യയുമാകാമല്ലോ. പരമാവധി സംഖ്യമാത്രം നിശ്ചയിച്ചാൽ, ട്രസ്റ്റ് എന്തിനുവേണ്ടി രൂപീകരിച്ചുവോ, ആ ഉദ്ദേശലക്ഷ്യങ്ങളെത്തന്നെ പരാജയപ്പെടുത്തുന്ന പ്രവർത്തനങ്ങൾ ഭാവിയിൽ ഉണ്ടാക്കാൻ ഇടനൽകുന്നു. അത്തരത്തിലുള്ള ഒരു സാഹചര്യം ഒരിക്കലും ഉണ്ടാകരുതെന്നാണ് അസ്സോസിയേഷന്റെ ആഗ്രഹം. ട്രസ്റ്റ് സ്ഥിരമായും കൃത്യമായും നിലനില്ക്കണമെന്ന് അസ്സോസിയേഷന് നിർബ്ബന്ധമുണ്ട്. പരമാവധി സംഖ്യ നിശ്ചയിക്കുകയും, ഒരു വർഷം കൊണ്ടു കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ പിൽകാലങ്ങളിലേക്കും അവകാശം നിലനിൽക്കുമെന്നും, കൊടുത്ത സംഖ്യ എത്രയായാലും മൂന്നുവർഷം കഴിയുന്നതോടുകൂടി അർഹനാകുന്ന ഒരു ഗുണഭോക്താവിന്റെ അവകാശം സ്വയമേ ഇല്ലാതായിത്തീരുമെന്നുമുള്ള വ്യവസ്ഥകൾ അധ്യാപക താത്പര്യാർത്ഥമാകാൻ വയ്യ. അധ്യാപകരെ മോഹിപ്പിച്ച് കബളിപ്പിക്കാൻ അസ്സോസിയേഷന് അശേഷം ആഗ്രഹമില്ല. ട്രസ്റ്റിൽ ഗുണഭോക്താക്കളാകുന്ന അധ്യാപകർക്കോ/കുടുംബാംഗങ്ങൾക്കോ സഹായധനം കിട്ടുമെന്നുറപ്പാക്കണമെന്ന് അസ്സോസിയേഷന് നിഷ്കർഷയുണ്ട്. ഇക്കാരണങ്ങളാലാണ് സഹായധനത്തിന്റെ പരമാവധി സംഖ്യ നിശ്ചയിക്കാതെ ഏററവും ചുരുങ്ങിയ പരിധി നിശ്ചയിച്ചിരിക്കുന്നത്. ഇതുമൂലം വെൽഫെയർ ട്രസ്റ്റിന്, അർഹനാകുന്ന ഒരു ഗുണഭോക്താവിന്, ഏററവും ചുരുങ്ങിയത് പതിനായിരം ഉറുപ്പിക (Rs. 10,000/–) എങ്കിലും നൽകാൻ ബാദ്ധ്യതയുണ്ട്. ആ ബാദ്ധ്യത നിറവേററാൻ ട്രസ്റ്റ് കടമപ്പെട്ടിരിക്കുന്നു. എന്തെങ്കിലുമൊന്ന് കൊടുത്ത് ട്രസ്റ്റിന് രക്ഷപ്പെടാനാവില്ല.

രണ്ട്. റിട്ടയർചെയ്യുന്ന അവസരത്തിൽ ഒരു ഗുണഭോക്താവിന് നൽകുന്ന സഹായധനം. വർഷംതോറും 6200 ക റിട്ടയർചെയ്യുന്ന ഗുണഭോക്താക്കൾക്ക് അവർ അടച്ച സംഖ്യയോടൊപ്പം തിരിച്ചുകൊടുക്കുന്നതിനായി നീക്കിവയ്ക്കുന്നു. ഈ തുക ട്രസ്റ്റിന്റെ ആസ്ഥിയിൽ ലയിക്കുകയും, ട്രസ്റ്റിന്റെ ആദായം വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഒരു ഗുണഭോക്താവ് റിട്ടയർ ചെയ്യുമ്പോൾ, അദ്ദേഹംകൊടുത്ത 100 കയേക്കാൾ എത്രയോ വലിയ ഒരു സംഖ്യ റിട്ടയർമെന്റ് സഹായമായി ട്രസ്റ്റിൽനിന്നും അദ്ദേഹത്തിന് ലഭിക്കുന്നു. ഈ കാര്യത്തിലും ഏററവും ചുരുങ്ങിയ പരിധിയാണ് നിശ്ചയിച്ചിരിക്കുന്നത്. 100 കയിൽ കുറയാത്ത സംഖ്യ.

ട്രസ്റ്റിന്റെ ആസ്തി ഇൻഡ്യൻ ട്രസ്റ്റ് ആക്ടിലെ 20-ാംവകുപ്പ് അനുശാസിക്കുന്നതനുസരിച്ച്, ട്രസ്റ്റിന്റെപേരിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിലോ, ജില്ലാ/സംസ്ഥാന സ: ബാങ്കിലോ നിക്ഷേപിക്കണമെന്ന് ട്രസ്റ്റ് നിയമാവലിയുടെ 14-ാം വകുപ്പ് അനുശാസിക്കുന്നു. അതിലുപരി ട്രസ്റ്റിന്റെ ആസ്തി, ട്രസ്റ്റിന്റെ നിയമാവലിയിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ള ഉദ്ദേശലക്ഷ്യങ്ങൾക്ക് വേണ്ടി മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ എന്ന് 16-ാം വകുപ്പ് നിഷ്കർഷിക്കുന്നു. ട്രസ്റ്റ് നിർത്തലാക്കുകയോ/പിരിച്ചുവിടുകയോ ചെയ്യണമെങ്കിൽ 18-ാം വകുപ്പ് അനുസരിച്ച് മുഴുവൻ ഗുണഭോക്താക്കളുടേയും അംഗീകാരം ലഭിച്ചിരിക്കേണ്ടതുണ്ട്. ഭാവിയിൽ

എന്നെങ്കിലും ട്രസ്റ്റിന്റെ ഭരണം തുടർന്നുകൊണ്ടു പോകാൻ അസ്സോസിയേഷന് കഴിയാതെവരിക യാണെങ്കിൽ, ട്രസ്റ്റ് മുതൽ വീതിച്ചു കൊടുക്കാൻ പാടില്ലെന്നും ട്രസ്റ്റിന്റെ ഭരണം കേരളാ ഗവൺ മെൻറിൽ നിക്ഷിപ്തമാകുമെന്നും 20-ാം വകുപ്പ് നിർദ്ദേശിക്കുന്നു. ഈ വകുപ്പുകളെല്ലാം അദ്ധ്യാപകർ നിക്ഷേപിക്കുന്ന സംഖ്യ സുരക്ഷിതമായിരിക്കുമെ ന്ന് ഉറപ്പുവരുത്തുന്നു.

ട്രസ്റ്റിന് രണ്ടു പ്രയോജനങ്ങളാണുള്ളത്. ഒന്ന്. ഇതു് ജീവിതത്തിലെ അനിശ്ചിതത്വത്തി നെതിരെയുള്ള ഒരു ഇൻഷ്വറൻസ് 105 ക ട്ര സ്ററിൽ നിക്ഷേപിക്കുന്ന ഏതൊരദ്ധ്യാപകനും/ കുടുംബത്തിനും പതിനായിരം ഉറുപ്പികയിൽ കൂട തൽ സഹായധനമായി ലഭിക്കുന്നു. ലൈഫ് ഇൻ ഷ്വറൻസിൽ പോളിസിത്തുകയേക്കാൾ കൂടുതൽ പ്രീമിയം അടയ്ക്കേണ്ടതായുള്ളപ്പോൾ, ട്രസ്ററിന് ഒരൊററ പ്രീമിയം മാത്രമേ അടയ്ക്കേണ്ടതുള്ളു. ആകെ 105 ക.

രണ്ട്. ട്രസ്ററിൽ നിക്ഷേപിക്കുന്ന തുക ഒരു സ്ഥിരനിക്ഷേപമായി വർത്തിക്കുന്നു. റിട്ടയർ ചെയ്യുന്ന സന്ദർഭത്തിൽ നിക്ഷേപത്തുക അതുവരെ യുള്ള പലിശസഹിതം മടക്കിക്കിട്ടുന്നു.

ട്രസ്ററിൽ ഏതൊരു സ്വകാര്യ കോളേജ ദ്ധ്യാപകനും എന്നാവേണമെങ്കിലും ചേരാവുന്നതാ ണ്. പി. സി. ററി. എ. സ്വീകരിച്ചിട്ടുള്ള രീ ച്ചൽ ട്രസ്ററിലെമാതിരി ഒരുവർഷം പതിനഞ്ച് ദിവസങ്ങളിൽ (ഡിസംബർ ഒന്നുമുതൽ പതിനഞ്ച് വരെ) മാത്രമേ അദ്ധ്യാപകരേ ട്രസ്ററിൽ ചേരാ കാൻ അനുവദിക്കുകയുള്ളു എന്ന് നാം നിഷ്കർ ഷിക്കുന്നില്ല. 105 ക അടച്ചുകഴിയുന്നതോടുകൂടി ട്രസ്ററിൽ സമർപ്പിക്കുന്ന അപേക്ഷ അംഗീകരി ച്ചതായി കണക്കാക്കാം. തന്റെ അപേക്ഷ അംഗീ കരിച്ചോ, ഇല്ലയോ എന്ന് ഒരദ്ധ്യാപകനും ആശങ്ക പ്പെടേണ്ടതില്ല.

ട്രസ്ററിന്റെ വിജയം അസ്സോസിയേഷൻ അംഗങ്ങളുടെ സഹകരണത്തിലാണധിഷ്ഠിതമായി രിക്കുന്നതു് എല്ലാ അംഗങ്ങളേയും ട്രസ്റ്റിൽ ചേർക്കു ന്നതിനുള്ള ഒരു തീവ്രശ്രമം ഉണ്ടാകേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ അസ്സോസിയേഷന്റെ ബ്രാഞ്ചുമു തൽ സംസ്ഥാനനിലവാരംവരെയുള്ള ഭാരവാഹി കൾ ഉണർന്നു പ്രവർത്തിക്കേണ്ടതായുണ്ട്. അംഗങ്ങ ളുടെ നിർല്ലോഭമായ സഹായസഹകരണം ട്ര സ്ററിന് ലഭിക്കുമെന്നുള്ളതുറപ്പാണ്.

---

## കേന്ദ്ര വിദ്യാഭ്യാസമന്ത്രിക്ക് ഭീമഹർജി സമർപ്പിച്ചു.

ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളെല്ലാം അംഗീകരിച്ചു കഴിഞ്ഞ യു. ജി. സി. സ്കെയിലു കൾ കേരളത്തിലും പൂർവ്വകാല പ്രാബല്യത്തോടെ നടപ്പാക്കാൻ കേരള ഗവണ്മെൻറിനെ പ്രേരിപ്പി ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള — 5000-ൽ പരം അദ്ധ്യാപകർ ഒപ്പിട്ട ഒരു മെമ്മോറാണ്ടം, കേരളത്തിലെ സർവ്വകലാശാല കോളജ് അദ്ധ്യാപകസംഘടനകളുടെ ഫെഡറേഷൻ പ്രതിനിധി കൾ, നവംബർ 8 ന് തിരുവനന്തപുരത്തെത്തിയ കേന്ദ്ര വിദ്യാഭ്യാസമന്ത്രി ഡാക്ടർ പി. സി. ചന്ദറിന് സമർപ്പിക്കുകയുണ്ടായി. സ്കെയിലുകൾ ഇനിയും കേരളത്തിൽ നടപ്പാക്കപ്പെട്ടിട്ടില്ലെ ന്നുള്ളതിൽ കേന്ദ്ര വിദ്യാഭ്യാസമന്ത്രി അത്ഭുതംപ്രകടിപ്പിച്ചു. ഇക്കാര്യത്തെക്കുറിച്ച് സംസ്ഥാന ഗവണ്മെൻറുമായി സംസാരിക്കാമെന്നും, താമസംവിനാ സ്കെയിലുകൾ കേരളത്തിലും നടപ്പാക്കു മെന്ന് താൻ പ്രത്യാശിക്കുന്നു എന്നും അദ്ദേഹം പ്രസിസംഘത്തോട് പറയുകയുണ്ടായി.

# A NOTE ON THE PENSION, PROVIDENT FUND, GRATUITY, INSURANCE AND AGE OF RETIREMENT OF THE TEACHERS OF PRIVATE COLLEGES

III

Prof: T. Gopalakrishnan,
General Secretary,
AKPCTA.

## CHAPTER IV

## CONTRIBUTORY PROVIDENT FUND FOR THE TEACHERS WHO HAVE OPTED FOR THE PROVISIONS OF THE STATUTES IN CHAPTER III.

The Contributory Provident Fund for the teachers who have opted for the statutes in Chapter III (i.e., those who have elected to continue in Service beyond the age of 55 years) is regulated by the Statutes in Chapter IV.

In this chapter, unless otherwise stated,

1 "Contribution" means the amount contributed to the Provident Fund by the Government under statute 33;

2 "Family" means:—

(a) in the case of a male subscriber, the wife or wives and children of the subscriber and the widow or widows and children of a deceased son of the subscriber;

(b) in the case of a female subscriber, the husband and children of the subscriber, and the widow or widows and children of a deceased son of the subscriber;

3 "Pay" means the basic pay of the permanent or officiating appointment held by a "Subscriber", exclusive of all allowances;

4 "Subscriber" means a teacher who subscribes to the Contributory Provident Fund;

5 "Subscription" means the amount subscribed to the Fund by a teacher; and

6 "Year" means the financial year.

All contributions to the Fund have to be made by means of deposits in savings Bank Accounts in Government Treasuries.

All the teachers of Private Colleges who, as on 31-3-1958, were subscribers to the Provident Fund and who have opted to be governed by the provisions of the statutes in Chapter III have to compulsorily subscribe to the Fund. The amount to their credit in the Provident Fund Account (that was in existence at the time of commencement of the Statutes) excluding the contributions made by the Management and the University concerned and the interest on such contributions under the relevant orders in force, has been credited to their accounts in the new Fund will be credited to their accounts in the new Fund as and when they are admitted to the Fund. It is

obvious, the contributions made by the concerned University and Management and the interest on such contributions will go to the Government.

The zonal Deputy Director of Collegiate Education concerned is the authority competent to admit the teachers to the Fund.

**Rate of Subscription**

Every subscriber will have to subscribe to the Fund at the rate of 6 (six) paise per rupee per mensem on the "pay" drawn by him/her during a financial year till the date on which he/she retires or attains the 55th year of age which ever is earlier. It is very important that there is no contribution beyond the date on which a teacher attains the age of 55 years. Whenever a teacher is temporarily on reduced pay, say, on account of absence on leave or for other reasons, his/her subscription will be calculated on the basis of the reduced pay actually paid to the teacher. No subscription need be paid during periods of suspension. If, however, the subscriber is reinstated and allowed to draw pay for the period of suspension the subscription for the period will be reduced from the pay paid to him/her for the period.

No voluntary subscriptions in excess of the prescribed amount i.e , 6 paise per rupee per mensem, are admissible.

**Contribution by Government:-**

The Government's contribution to the Fund is at the rate of 3 paise per rupee on the pay drawn by each subscriber during a financial year. The Government's contribution will stop with effect from the date on which the subscriber retires or attains the 55th year of age, which ever is earlier. The contribution by the Government will be in the form of a single lump-sum payment at the time the subscriber retires or at the time the account is closed for other accepted reasons. It will be equivalent to half the amount standing at the credit of the 'subscriber (excluding amounts of interest credited to the Fund) on the date of his/her completion of 55 years of age or of closure of the account as the case may be. In the case of the teacher who was subscribing to the earlier Provident Fund and who has now been admitted to this Fund, the Government Contribution will however be calculated only on that portion of the amount at the credit of the subscriber which represents his/her subscriptions after the transfer of his/her balance under the earlier provident Fund

The Fund is managed in accordance with the Savings Bank System in the state Government Treasuries. And the Teachers' subscriptions are deposited in a Savings Bank Account in the Treasury from which the pay of the College staff is drawn.

There will be an individual account in the Treasury in the name of each subscriber to the Fund. The Pass book in respect of each subscriber is kept by the Principal of the College. The Principal deducts the subscription to the Fund due from the teachers from their salaries at the time of the disbursement of the same each month and remits the amounts deducted, within seven days

deduction for credit to the Treasury Savings Bank Accounts. The Principal will have to send a true copy of the list (showing in detail the amount to be credited to each account, the total amount of the deposits, etc.) sent to the Treasury, to the zonal Deputy Director of Collegiate Education concerned within five days of the receipt of the verified list from the Treasury.

When a subscriber leaves one college and seeks employment in another, the zonal Deputy Director of Collegiate Education having jurisdiction over the area in which the former College is located will sanction the transfer of his/her account to the Treasury at which the accounts of the college which he has joined stand. The Principal will have to provide every subscriber who leaves the college with a certificate which should bear the countersignature of the zonal Deputy Director of Collegiate Education, specifying the period for which subscriptions to the fund were made by the subscriber.

Subscribers to the Fund taking up service in any institution other than a private college will cease to be so and steps will be taken to close their accounts.

**Clousure of Accounts** – Statute 34(8)

When a subscriber's account is to be closed, he/she shall submit an application to the Zonal Deputy Director of Collegiate Education concerned through the Principal giving his/her reasons therefor. If the Zonal Deputy Director of Collegiate Education is satisfied with the reasons, he shall sanction the closure of the account and issue a certificate to the Treasury Officer and the Principal to the effect that the subscriber has quitted the Fund in the circumstances which give him/her a title to the Government contribution. The Treasury Officer shall thereupon close the account in the Savings Bank Pass Book and on receipt of an application for withdrawal signed by the subscriber, countersigned by the Principal, pay the total amount to his/her credit to the Principal or his authorised agent. Immediately after the money in the Savings bank is withdrawn, the Principal shall report the date of the closure to the Zonal Deputy Director of Collegiate Education concerned and the latter shall take steps to get from the treasury the closed pass books for preparing the bill for Government contribution. The Principal, shall after receiving the amount from the Treasury, disburse it to the subscriber concerned on obtaining a payee's receipt which shall be forwarded to the Accountant General through the Zonal Deputy Director of Collegiate Education concerned. The Zonal Deputy Director of Collegiate Education concerned, shall maintain a register in Form 5 of closure of accounts sanctioned by him.

Every subscriber will be permitted, once in every financial year, to look into his/her account, satisfy himself/herself as to its correctness and sign a certificate in token of his/her acceptance of it. The certificates obtained will have to be forwarded to the Zonal Deputy Director of Collegiate Education concerned before the end of the financial year for check and record in his/her office.

*[To be Concluded]*

# UNIVERSITY OF KERALA.

## PROMOTION AS NON-CADRE GRADE II PROFESSOR — GRANTING THE BENEFIT OF NOTIONAL INCREMENT TO THE TEACHERS PROMOTED WHILE FIXING THE PAY IN THE HIGHER TIME SCALE.

Given below is the true copy of Letter No. Fin. 3458/F2/77 dated 29—10—1977, from the Finance Officer, University of Kerala, addressed to Prof. G. Mahadevan Nair, President, AKPCTA, Southern Region.

Sub:— Fixation of pay of private college teachers in upgraded posts—applicability of Rule 28A—regarding.

Ref:— Your letter dated 7—10—1977.

Sir,

With reference to the above, I write to inform you that on the question of applying Rule 28-A (Part I-K. S. R.) for fixation of pay of teachers of private colleges in upgraded posts, the University has sought for a clarification from the Government. Pending the receipt of the above clarification, it has been decided to fix the pay of teachers in upgraded posts by applying Rule 28-A/37 Part I K. S. R. on condition that the teacher concerned should refund excess amount, if any, drawn on the basis of this fixation in case the Government clarifies later that Rule 28-A/37 is not applicable in such cases. No refixation will be given to these cases.

Yours faithfully,
Sd/-
Finance Officer.

## SENIORITY LISTS OF TEACHERS OF PRIVATE COLLEGES—NON-PREPARATION OF BY MANAGEMENTS

Given below is the true copy of Letter No; Ac. F. II. 1-1368/68 dated 13th October, 1977 from The Registrar, University of Kerala, addressed to Shri. T. Gopalakrishnan, General Secretary, AKPCTA.

Sub:— Private Colleges—Teaching Staff-Seniority lists-non preparation of by Managements-regarding-

Ref:— Your representation dated 25—8—77 incorporating Rsln No. 27/S. W. C./77-78.

Sir,

Adverting to your representation cited, I am directed to inform you that the request therein is under consideration of the University.

Yours faithfully,
Sd/-
Assistant Registrar (Plg. I) for Registrar (Officiating)

# GOVERNMENT ORDERS, UNIVERSITY DECISIONS & COMMUNICATIONS.

No. PA. V. I. 34035/76

Trivandrum,
3—9—1976.

From
The Director of Collegiate Education

Sir,

Sub:- Pension Scheme—date of retirement of staff—Regarding.

Ref.- 1. Your letter No. G4-309/76 dt. 7—6—76 addressed to the Secretary to Govt H. Edn. Department.

2. Govt. letter No. 24237/D1/76/H. Edn. dt. 25—8—1976.

With reference to the above, I am to state that as in the case of teachers who complete the age of superannuation (i.e. 55th year) after Ist July are permitted to continue up to the last day of the month in which the academic year ends, teachers who opt to retire at the age of 60 years can also continue in service till the last day of the month in which the academic year ends.

Yours faithfully,
Sd/-
For Director of Collegiate Education.

## UNIVERSITY OF CALICUT.

The General Secretary,
A.K.P.C.T.A.

Sir,

Sub:- Teachers Provident Fund—Transfer credit of amounts outstanding in the old provident fund account—Regarding—

Ref:- Your RSLN. No. 25/77 with copy to Vice-Chancellor, Calicut University.

I am to inform you that the Provident Fund accounts of 32 colleges out of 38 colleges affiliated to the Calicut University where Provident Fund Scheme has been implemented, have been sent to the Director of Collegiate Education with all the available details. The accounts of the remaining six colleges viz.

1) St. Joseph's College, Devagiri, Calicut
2) M. E. S. Asmabi College, P. Vemballur
3) M. E. S. Mampad College, Mampad
4) Malabar Christian College, Calicut
5) Sullamussalam Arabic College, Areacode and
6) Providence Women's College, Calicut

will be sent to the Director of Collegiate Education as soon as full details are received from the respective principals.

Yours faithfully,
Sd/-
Finance Officer.

29—9—1977.

# UNIVERSITY OF KERALA.

No. F. 1. 11/76(CP)

Dated: 6th July, 1976

The Registrar.

Subject:— Appointment of Visiting Professors in the Universities.

Sir,

I am directed to invite your attention to this office letter No. F. 33-85/63(CUP) dated 3—10—1963 (Copy enclosed for ready reference and to say that the University Grants Commission at its meeting held on 29th April, 1976 reviewed the guidelines earlier prescribed for appointment of Visiting Professors. The revised guidelines as accepted by the Commission in respect of Visiting Professors/Visiting Appointments are indicated below:

1. A Visiting Professor should be an eminent scholar in his subject.
2. The maximum tenure of a Visiting Professor be one year and minimum three months.
3. The Visiting Professor be paid honorarium upto Rs. 3,000/- per month.
4. A suitable provision be made to enable the Visiting Professor to travel within the country for approved academic programme and also for reimbursement of medical expenses, if any.

**Visiting Appointments**

1. The duration of visit should not be less than two weeks and should not exceed four months in a year.
2. The travel expenses would be met by the host institution.
3. In case of a person receiving his salary from the "parent institution", for the period of the visit, the host institution would provide hospitality and an honorarium not exceeding Rs. 1,000 per month.
4. In the case of a persons not receiving his salary from his "parent institution", for period of his visit, the "host institution" would pay an honorarium not exceeding Rs. 2,500/- per month.

These guidelines would apply to the Visiting Professors invited from within the country as well as from other countries except that in the case of persons from other countries a provision may be made for payment of economy-class air—fare by direct route.

Sd/-

Y. D. Sharma, Deputy Secretary.

*See Page 1*

*Printed and Published by T. Gopalakrishnan General Secretay AKPCTA at Chandra Press, Haripad. Chief Editor: P. Narendran.*